കോവളം, വർക്കല, പൊൻമുടി, ബേക്കൽ എന്നീ പ്രദേശങ്ങളുടെ വിനോദസഞ്ചാര വികസനം

55 (1743) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളായ കോവളം, വർക്കല, പൊൻമുടി, ബേക്കൽ എന്നീ പ്രദേശങ്ങളുടെ സമഗ്രവികസനത്തിനും വിനോദസഞ്ചാര വികസനത്തിനുംവേണ്ടി ഈ പ്രദേശങ്ങളെ പ്രത്യേകം "ടൂറിസം സോണുകളായി" പ്രഖ്യാപിക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(ബി) ഇപ്രകാരം പ്രത്യേകം ടൂറിസം സോണുകൾ നിലവിൽ വരികയാണെങ്കിൽ ഈ പ്രദേശങ്ങളിൽ വിനോദസഞ്ചാര വികസനത്തിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, വിനോദ സഞ്ചാരികൾക്ക് ആവശ്യമായ നിയമവിധേയമായ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനുംവേണ്ടി നിലവിലുള്ള രീതികളിൽ ഇളവ് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ വാണിജ്യ സ്ഥാപനങ്ങളെയും മറ്റും ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെയും പരിധിയിൽ നിന്നും ആവശ്യമെങ്കിൽ ഒഴിവാക്കിയും അബ്കാരി നിയമത്തിൽ ഇളവു നൽകിയും ടൂറിസ്റ്റുകൾക്ക് ആവശ്യമായ ബിയർ, വൈൻ എന്നിവ ലഭ്യമാക്കുന്നതിന് കൂടുതൽ പാർലറുകൾ സ്വകാര്യമേഖലയിൽ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല, എന്നാൽ ഈ ടൂറിസം പ്രദേശങ്ങളുടെ വികസനത്തിനു വേണ്ടിയുള്ള പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കുന്നുണ്ട്.

(ബി-ഡി) ഈ പ്രദേശത്തെ ടൂറിസം വികസനപദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ആവശ്യമായ അടിസ്ഥാന സൗകര്യവികസനം, ബിയർ, വൈൻ പാർലറുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, സാംസ്ക്കാരിക കേന്ദ്രങ്ങൾ എന്നിവയ്ക്ക് രൂപം നൽകുന്നുണ്ട്. അന്തിമ തീരുമാനത്തിലെത്തിയിട്ടില്ല.

ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ സമഗ്ര വികസനം

56 (1744) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെയും പരിസരത്തിന്റെയും സൗന്ദര്യവൽക്കരണത്തിനായി ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പുതിയ വികസന പരിപാടികൾ പരിഗണനയിലുണ്ട് ;

(സി) ആക്കുളത്തെ അപൂർണ്ണമായ അക്വേറിയം പ്രവർത്തനക്ഷമം ആക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെയും സർവ്വകലാശാലയുടെയും പങ്കാളിത്തത്തോടെ ഒരു പ്രവർത്തന പരിപാടി ആവിഷ്ക്കരിക്കുമോ ;

(ഡി) ആക്കുളം കായലോരത്തെ അനധികൃത കയ്യേറ്റം അവസാനിപ്പിക്കുവാനും സ്വാഭാവിക പ്രകൃതിക്ക് ഇണങ്ങാത്ത നിർമ്മാണം നിയന്ത്രിക്കുവാനും നടപടി സ്വീകരിക്കുമോ ;

(ഇ) ആക്കുളത്ത് വാട്ടർസ്റ്റേഡിയം നിർമ്മിക്കുന്നത് പരിഗണിക്കുമോ ?

ഉത്തരം

(എ) മ്യൂസിക്കൽ ഡാൻസിംഗ് ഫൗണ്ടൻ, കൃത്രിമ വെള്ളച്ചാട്ടം, വൈദ്യുതി ദീപാലങ്കാരം, ബോട്ട് ക്ലബ്ബ്-കുട്ടികളുടെ പാർക്ക് നവീകരണം, കായലിൽ ബോട്ടുയാത്ര സാധ്യമാകുംവിധം ആഴംകൂട്ടാനും, വൃത്തിയാക്കാനുമുള്ള പദ്ധതികൾ എന്നിവയാണ് അവിടെ നടപ്പിലാക്കുന്നത്.

(ബി) പുതിയ പദ്ധതികൾക്ക് അനുയോജ്യമായ സ്ഥലം ലഭിച്ചിട്ടില്ല. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

(സി) പരിഗണിക്കാവുന്നതാണ്.

(ഡി) പരിശോധിക്കാവുന്നതാണ്.

(ഇ) പരിഗണിക്കാവുന്നതാണ്.

അതിഥി മന്ദിരങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

57 (1745) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അതിഥി മന്ദിരങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിഥി മന്ദിരങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തു തുക ചെലവിട്ടു എന്നും ഓരോന്നിനും പ്രത്യേകമായി എത്ര എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ അതിഥി മന്ദിരങ്ങളുടെ പ്രവർത്തനം കുറേകൂടി മെച്ചപ്പെട്ട രീതിയിൽ നടത്തണമെന്നാണ് ഗവൺമെന്റ് നയം. ഈ ലക്ഷ്യം മുൻനിർത്തി നിരവധി നടപടികൾ എടുത്തുവരികയാണ്. ഇതിന്റെ ഭാഗമായി ഗസ്റ്റ്ഹൗസ് മാനേജർമാരുടെ യോഗം കാലാകാലങ്ങളിൽ വിളിച്ചുകൂട്ടി അവയുടെ പ്രവർത്തനം അവലോകനം ചെയ്യുകയും പ്രവർത്തനങ്ങളിലുണ്ടാകുന്ന പോരായ്മകൾ

LIBRARY ARCHIVES Kerala Legislative Assembly